# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM4 /211/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ),മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: KSA.MPM4 /211/2023 തീയ്യതി: 17/03/2023

## മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 24-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഫറൂക്ക്. കെ. പി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. യു. സൈനുദ്ധീൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രജുകുമാർ. കെ. ടി | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീ. ഗോവിന്ദൻ. സി. പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-05-2021 | 14-06-2021 |
| ശ്രീ. എം. ഹരിദാസ് | സെക്രട്ടറി | 15-06-2021 | 05-08-2021 |
| ശ്രീ. സുരേഷ് കുമാർ. പി. സി | സെക്രട്ടറി | 06-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സജിത. എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 18-10-2021 |
| | | 19-12-2021 | 04-02-2022 |
| ശ്രീമതി. ജുമൈലത്ത്. വി. വി (അധിക ചുമതല) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 19-10-2021 | 18-12-2021 |
| | | 05-02-2022 | 31-03-2022 |
| ശ്രീമതി. സിന്ദു. എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബീന. എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽ കുമാർ. സി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അബ്ദുൾ ജലീൽ വി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് നയീം. ബി. വി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. മഹേഷ്. പി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രമ. ഒ. പി. | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി. ശ്രീരശ്മി. ടി. എസ് | ശിശു വികസന പദ്ധതി ഓഫീസർ | 03-11-2021 | 22-02-2022 |

| | | | |
|---|---|---|---|
| ശ്രീമതി. റീന. പി. റ്റി | ശിശു വികസന പദ്ധതി ഓഫീസർ | 23-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ധനകാര്യ വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ | 1-11 |
| 13 | മു**ൻ**കൂ**ർ** ന**ൽ**കിയ തുകയ്ക്ക് KMSCL**ൽ** നിന്നും മരുന്നുക**ൾ** ലഭ്യമാക്കാ**ൻ** അവശേഷിക്കുന്നു | 1-12 |
| 14 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി - തുക തടസ്സപ്പെടുത്തുന്നു. | 1-13 |
| 15 | ഘടകസ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവുകൾ - ചെലവു വൗച്ചറുകൾ ലഭ്യമാക്കിയില്ല | 1-14 |
| 16 | ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല | 1-15 |
| 17 | വനിതാ ഫിറ്റ്നസ് സെന്റർ ആന്റ് ഷീ ഷെൽട്ടർ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 18 | ഡയാലിസിസ് സെന്റർ യാഥാർത്ഥ്യമായില്ല | 1-17 |
| 19 | തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി | 1-18 |
| 20 | കുളം നവീകരണം -കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി | 1-19 |
| 21 | കിഡ്നി രോഗികൾക്ക് ധനസഹായം- പദ്ധതി ലക്ഷ്യം കണ്ടില്ല | 1-20 |
| 22 | ലൈഫ് ഭവന പദ്ധതി - വിനിയോഗ വിവരം ലഭ്യമായില്ല | 1-21 |
| 23 | PMAY ഫയലുകൾ ലഭ്യമാക്കിയില്ല | 1-22 |
| 24 | ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 25 | ബ്ലോക്ക് തല - റിസോർസ് റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ | 1-24 |
| 26 | വെട്ടം സി.എച്ച്.സി.ഡയാലിസിസ് സെന്റർ കെട്ടിട നിർമ്മാണം | 1-25 |

| | | |
|---|---|---|
| | (ഇലക്ട്രിഫിക്കേഷൻ) കരാറുകാരന് അധിക തുക നൽകി | |
| 27 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26 |
| 28 | അംഗൻവാടി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-26-1 |
| 29 | അഗതി രഹിത കേരളം- വിനിയോഗ വിവരം ലഭ്യമായില്ല | 1-26-2 |
| 30 | പാലിയേറ്റീവ് പരിരക്ഷ പഞ്ചായത്തുകൾക്ക് വിഹിതം | 1-26-3 |
| 31 | വെട്ടം സി എച്ച് സി യുടെ ഇലക്ട്രിഫിക്കേഷൻ ചെലവ് - അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 32 | വാഹന പരിപാലനം - നടപടിക്രമങ്ങൾ പാലിച്ചില്ല, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-28 |
| 33 | ഭിന്നശേഷി സ്കോളർഷിപ്പ് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വെട്ടം സി.എച്ച്.സി.ഡയാലിസിസ് സെന്റർ കെട്ടിട നിർമ്മാണം (ഇലക്ട്രിഫിക്കേഷൻ) കരാറുകാരന് അധിക തുക നൽകി | 3-1 |
| 2 | തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി | 3-2 |
| 3 | കുളം നവീകരണം - കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 2021-22ലെ ബജറ്റ് പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/26.02.2021 | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക

| 2021-22 വാർഷിക ധനകാര്യപത്രിക പരിശോധനയ്ക്കായി ലഭിക്കേണ്ട തീയതി | 2021-22 വാർഷിക ധനകാര്യപത്രിക പരിശോധനയ്ക്കായി ലഭിച്ച തീയതി |
|---|---|
| 31.07.2022 | 07.06.2022 |

### 1-3 ധനകാര്യ വിശകലനം

| ഇനം | തുക(₹) |
|---|---|
| മുന്നിരിപ്പ് | 60,73,989 |
| വരവ് | 7,68,28,465 |
| ആകെ | 8,29,02,454 |
| ചെലവ് | 6,79,97,505 |
| നീക്കിയിരിപ്പ് | 1,49,04,949 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് തുക (₹) | ആകെ തുക (₹) | ചെലവ് തുക (₹) | നീക്കിബാക്കി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 3,51,43,089 | 3,51,43,089 | 3,08,15,450 | 43,27,639 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1,14,72,957 | 1,14,72,957 | 96,19,685 | 18,53,272 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 86,34,911 | 86,34,911 | 42,30,330 | 44,04,581 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,32,69,997 | 1,32,69,997 | 48,73,233 | 83,96,764 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 73,99,431 | 73,99,431 | 25,32,422 | 48,67,009 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 11,94,07,202 | 82 | 5,95,91,326 | 1 | 22 | 78% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

#### 1-5-1 പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിലും പ്രൊജക്ട് രൂപീകരണം, നിർവ്വഹണം എന്നിവയിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും മറ്റ് നടപടിക്രമങ്ങളും പൂർണ്ണമായി പാലിക്കുന്നില്ലെന്ന്

കാണുന്നു. ശ്രദ്ധയിൽപെട്ട പോരായ്മകളും അപാകതകളും ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ നിക്ഷിപ്ത ചുമതലകളിൽപെടാത്ത പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 172(1) , 4-ാം പട്ടിക ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായതും മേഖല അടിസ്ഥാനത്തിലുള്ളതുമായ ചുമതലകൾ വ്യക്തമാക്കിട്ടുണ്ട്. പ്രസ്തുത പട്ടിക പ്രകാരമുള്ള ഇനങ്ങളിലാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്ന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അധികാരമുള്ളത്. സർക്കാർ പുറപ്പെടുവിച്ച പദ്ധതി മാർഗ രേഖ പ്രകാരം അനുമതി ഇല്ലാത്തതും, ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെടാത്തതുമായ പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. (ഉദാ- തോടിന്റെ സൈഡ് കെട്ടൽ, കുളം നവീകരണം, 6 മീറ്ററിൽ താഴെ വീതിയുള്ള റോഡിന്റെ പുനരുദ്ധാരണം തുടങ്ങിയവ). ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ മധ്യവർത്തിയായി പ്രവർത്തിക്കേണ്ട ബ്ലോക്ക് പഞ്ചായത്ത് താഴ്ന്ന തലത്തിലുള്ള ഗ്രാമ പഞ്ചായത്ത് നടപ്പാക്കേണ്ടതായ പ്രൊജക്ടുകളാണ് ഭൂരിഭാഗവും ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിനുതകുന്ന തരത്തിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

2. പ്രൊജക്ടുകളുടെ ആവശ്യകതാ നിർണ്ണയം നടത്തുന്നില്ല

ഓഡിറ്റ് കാലയളവിൽ അതാത് മേഖലകളിലെ വിദഗ്ധരുടെ കൂട്ടായ്മയിലൂടെയും കൂട്ടായ പരിശോധനയിലൂടെയും അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കുകയും അതിനെ അടിസ്ഥാനമാക്കിയുള്ള പ്രൊജക്ടുകൾ രൂപീകരിക്കപ്പെടുന്നുണ്ടെങ്കിലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന മരാമത്ത് പ്രവൃത്തികൾ നിയമാനുസൃതമാണോയെന്ന് പരിശോധിക്കപ്പെടുകയോ ശരിയായ ആവശ്യകതാ നിർണ്ണയമോ ഒരു തലത്തിലും നടക്കുന്നില്ല. പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രൊജക്റ്റിന്റെ അനുയോജ്യത പരിശോധിക്കുകയോ പ്രാഥമിക പഠനം നടത്തുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതം വാങ്ങുന്നില്ല. പ്രൊജക്റ്റിന്റെ ആവശ്യകത പ്രൊജക്റ്റ് രൂപീകരണ ഫോറത്തിലും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും വ്യക്തമായി രേഖപ്പെടുത്തുകയും ചെയ്യുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തിയിൽ നിർമ്മാണം പൂർത്തിയാക്കി ആയത് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനായി രേഖാമൂലം കൈമാറ്റം നടക്കുന്നില്ല. ഇക്കാരണത്താൽ ബ്ലോക്ക് പഞ്ചായത്ത് സൃഷ്ടിച്ച ആസ്തികളുടെ രേഖപ്പെടുത്തലുകൾ ഉറപ്പ് വരുത്താനാകുന്നില്ല.

3. പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല .

പ്രൊജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. എന്നാൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതല്ലാതെ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ നിഷ്ക്രിയമായിരുന്നു.

4. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല .

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്.) നം. 72/2017/ത.സ്വ.ഭ.വ, തീയതി 29.03.2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് റോഡ് ആസ്തികൾ ഇല്ലെങ്കിലും റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള സി.എച്ച്.സി. യിൽ വർഷംതോറും മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നുണ്ടെങ്കിലും സ്ഥാപനത്തെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആശുപത്രി പ്രദാനം ചെയ്യുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉണ്ടാവുന്നില്ല.

മേൽ അപാകതകൾ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2023ന് 3:30 പി.എം ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പണം നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് വിഹിതം നൽകുന്നതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുന്നില്ല.

2. സ്റ്റോക്ക് റജിസ്റ്ററുകൾ കൃത്യമായും കാലികമാക്കിയും സൂക്ഷിക്കുന്നില്ല.

3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി നിർവ്വഹണം ഒരു തലത്തിലും മോണിറ്റർ ചെയ്യപ്പെടുന്നില്ല.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
മേൽ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2022 | 2021-22 | 15.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2015 | 2009-10 മുതൽ 2013-14 വരെ | 16.04.2015 |

## 1-11 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. വാടക ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള തുകയും AFS പ്രകാരമുള്ള തുകയും താഴെപ്പറയും വിധം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഇനം | AFS പ്രകാരം | | | വാടക രജിസ്റ്റർ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | Demand (I-1 For Current, B-15 Of Previous Year BS For Arrear) | Collection (RP-43) | Balance (B-15) | Demand | Collection | Balance |
| 1 | Rent Receivables From Buildings (Arrear) | 56,735 | 37,012 | 19,723 | 39,527 | 34,894 | 4,633 |
| 2 | Rent Receivables | 66,500 | 4,210 | 62,290 | 44,019 | 5,328 | 38,691 |

| | | | | | | | |
|---|---|---|---|---|---|---|---|
| | From Buildings (Current) | | | | | | |

2020-21, 2021-22 വർഷങ്ങളിൽ വാടക നിരക്കിൽ കുറവ് വരുത്തിയതിന്റെ ജേണൽ എൻട്രി നടത്താതിരുന്നതിനാൽ സംഭവിച്ച അപാകതയാണ് ഇതെന്നും, 2022-23 വർഷത്തിൽ ഈ വ്യത്യാസം ക്രമീകരിക്കുന്നതാണെന്നും സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

3. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ആസ്തികൾക്ക് തൻവർഷ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | കോഡ് നം | ശീർഷകം |
|---|---|---|
| 1 | 410200101 | Buildings - Markets |
| 2 | 410200102 | Buildings – Bus Stands |
| 3 | 410300301 | Culverts |
| 4 | 410300302 | Bridges |
| 5 | 410400101 | Drinking Water - Sources (Open Wells, Bore Wells, Tube Wells, Tanks Etc.) |
| 6 | 410400102 | Drinking Water - Reservoirs |

മേല്പറഞ്ഞവ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്തവ ആയതിനാലാണ് ഡിപ്രീസിയേഷൻ നടത്താതിരുന്നത് എന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടത് എങ്ങനെയാണെന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരം Contractors' Retention, Election Deposit (Candidate) എന്നീ ശീർഷകങ്ങളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. മറുപടി സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്,

5. അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. മറുപടി സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്,

(ഓഡിറ്റ് എൻക്വയറി നം. 22/2021-22, 30.01.2023)

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 മുൻകൂർ നൽകിയ തുകയ്ക്ക് KMSCLൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ (CHC) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി KMSCLന് തുക മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | BRN നം/തീയ്യതി | തുക (₹) | പ്രൊഫോർമ ഇൻവോയ്സ് | ആകെ ലഭിച്ച മരുന്നുകളുടെ വില | ശേഷിക്കുന്ന മരുന്നുകളുടെ |
|---|---|---|---|---|---|---|

| | | | | നം. | ഇൻവോയ്സ് നം. | മരുന്ന് വില (₹) | വില (₹) |
|---|---|---|---|---|---|---|---|
| 1 | 144/22 - വെട്ടം സി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ | 21150563021601385224/ 19.03.22 | 2,27,140 | PRF6962/16.03.22 | 8694/20.08.22 | 18,346 | 39,638 |
| | | | | | 8701/20.08.22 | 26,416 | |
| | | | | | 9241/24.08.22 | 16,724 | |
| | | | | | 10343/03.09.22 | 25,504 | |
| | | | | | 11133/16.09.22 | 55,250 | |
| | | | | | 12926/03.10.22 | 18,847 | |
| | | | | | 13062/06.10.22 | 1,651 | |
| | | | | | 15183/28.10.22 | 11,884 | |
| | | | | | 16316/08.11.22 | 8,423 | |
| | | | | | 19468/07.12.22 | 4,457 | |
| | | | | | ആകെ | 1,87,502 | |
| 2 | 17/22 - വെട്ടം, പുറത്തൂർ സി.എച്ച്.സി കൾക്ക് മരുന്ന് വാങ്ങൽ | 21150563021600471533/ 01.10.21 | 1,25,000 | PRF1998/10.09.21 | 10872/04.01.22 | 25,525 | 35,669 |
| | | | | | 673/20.04.22 | 6,057 | |
| | | | | | 3966/07.06.22 | 34,723 | |
| | | | | | 10117/02.09.22 | 2,228 | |
| | | | | | 12899/03.10.22 | 11,201 | |
| | | | | | 13108/06.10.22 | 5,706 | |
| | | | | | 16702/10.11.22 | 3,891 | |
| | | | | | ആകെ | 89,331 | |
| | | 21150563021600471535/ 01.10.21 | 1,75,000 | PRF2004/10.09.21 | 8745/09.11.21 | 8,022 | 27,986 |
| | | | | | 11638/22.01.22 | 1,481 | |
| | | | | | 15335/30.03.22 | 42,541 | |
| | | | | | 3964/07.06.22 | 46,440 | |
| | | | | | 9427/26.08.22 | 21,731 | |
| | | | | | 10079/02.09.22 | 5,376 | |
| | | | | | 10835/13.09.22 | 2,152 | |
| | | | | | 12587/30.09.22 | 1,771 | |
| | | | | | 12895/03.10.22 | 4,292 | |
| | | | | | 13109/06.10.22 | 1,751 | |
| | | | | | 15331/31.10.22 | 8,689 | |
| | | | | | 16699/10.11.22 | 1,978 | |
| | | | | | 17665/18.11.22 | 790 | |
| | | | | | ആകെ | 1,47,014 | |
| 3 | 7/22 - സെക്കന്ററി പാലിയേറ്റീവ് പ്രോജക്ട് | 21150563021601159553/ 19.02.22 | 75,000 | PRF5199/28.01.22 | 8182/08.08.22 | 3,471 | 12,523 |
| | | | | | 9299/25.08.22 | 3,112 | |
| | | | | | 10153/02.09.22 | 27,413 | |
| | | | | | 10160/02.09.22 | 6,526 | |
| | | | | | 11418/19.09.22 | 3,941 | |
| | | | | | 16564/09.11.22 | 10,729 | |
| | | | | | 16806/10.11.22 | 2,551 | |
| | | | | | 17442/17.11.22 | 3,680 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 18015/22.11.22 | 1,054 | |
| | | | | | ആകെ | 62,477 | |
| | | | 74,999 | PRF5651/11.02.22 | 9295/25.08.22 | 5,374 | 23,973 |
| | | | | | 10140/02.09.22 | 4,748 | |
| | | | | | 10145/02.09.22 | 11,092 | |
| | | | | | 14088/18.10.22 | 1,576 | |
| | | | | | 16561/09.11.21 | 20,877 | |
| | | | | | 17441/17.11.21 | 7,359 | |
| | | | | | ആകെ | 51,026 | |
| | ആകെ | | 6,77,139 | | 5,37,350 | | 1,39,789 |

വിവിധ പദ്ധതികളിലായി അവശേഷിക്കുന്ന ആകെ 1,39,789/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL അധികൃതർക്ക് കത്തയച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 25/2021-22, തീയ്യതി 31.01.2023ന് മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്ന സാധനങ്ങൾ വാങ്ങി - തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റിന്റെ പേര്,നം: അങ്കണവാടികൾ ഹൈടെക്ക് ആക്കൽ, 145/22
(ബ്ലോക്ക് പരിധിയിലുള്ള 10 അംഗൻവാടികൾ ഹൈ-ടെക് ആക്കി മാറ്റൽ)

അടങ്കൽ : ₹15,00,000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് : ₹6,06,174/- (2021-22 വർഷത്തെ ചെലവ്)

BRN No. : 21150563021501518984/30.03.2022

ബിൽ നമ്പർ : 03/21-22 തീയ്യതി 31.03.2022

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020/SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ CDPO നിർവഹണം നടത്തിയ അങ്കണവാടി ഹൈടെക്ക് ആക്കൽ എന്ന പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ താഴെ പരാമർശിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില (₹) | നികുതി ഉൾപ്പെടെ ആകെ വില (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1. | Speaker With MIC – It Includes Blutooth Connectivity , Pendrive Include Rhymes, USB, Wireless Etc | 14 @6,430/- | 1,06,223.60 |
| 2. | Digital Class Room IT Includes 32 Inch Full HD Smart TV With Activity Pendrive And SuppoRting Stand | 11 @19,500/- | 2,53,110.00 |
| 3. | HOLLOW TABLE – COLOURFULL AND ATTRACTIVE TABLE WITH MINIMUM L 135*CMW75" *H 20" WITH STRONG 4 LEGS FULLYHIEGHT DETACHABLE.ETC | 45 @3,790/- | 2,01,249.00 |
| 4. | BABY PLASTIC CHAIR- FULLY SINGLE MOULDED SOLID AND EXTRA STRONG Stackable With Mimnimum Legth | 340 @398 | 1,59,677.60 |
| 5. | COLOUR FULL SMOOTH ROCKER /RIDE ON FINE EDGES FOR CHILDREN SAFETY HIGH GRADE METERIAL | 2 @2,200/- | 4,928.00 |
| 6. | Multi Purpose Teaching And Artboard Is Made Up Of Good Quality Meterial | 15 @2,990/- | 50,232.00 |
| 7. | Multi Colour Slide. Fully Portable And Detachable Minimum Size 140 Cm Length ,46, Cm Width ,90 Cm Height. It Is Made Up Of High Grade Material Multi Colour | 4 @4,290/- | 19,219.20 |
| 8. | Ring Game Elephant Multi Color 4 Pc Ring And One Elephant | 15 @890/- | 14,952.00 |
| 9. | Mazi Eva Puzzle Play Mat – It Include Ato Z Mat And 1-to 10 Mat<br>36 In One Set | 15 @399/- | 6,703.20 |
| 10. | Mazi Eva Puzzle Play Mat – It Include Malayalam Alphebet<br>(60 In One Set) | 4 @590/- | 2,643.20 |

| | | | |
|---|---|---|---|
| 11. | Big Blocks Multicolor 16 Pc | 15 @990/- | 16,632.00 |
| 12. | Anganwadi Ground Floor Full Painting- Sky Blue Color | 15 @29,800/- | 5,00,640.00 |
| 13. | A-shape Teacher Student Multi Color | 4 @3,450/- | 16,284.00 |
| 14. | Indoor Multiactivity Wall Play Set – It Made Up Of Good Quality Wood And Long Lasting Child – Friendly | 4 @3,590/- | 16,083.20 |
| 15. | Storage Stand Child Friendly Attractive Light Wiet Multi Color Fully Detachable , Simply Portable Minimum 4 Step | 15 @4,590/- | 81,243.00 |
| 16. | Activity Traingle Traingle Shaped Zig Zag Rings With Beeds Multi Color .. | 4 @2,600/- | 11,648.00 |
| 17. | Adjustable Basket Ball Set- L 15 Inch W20 | 5 @1,400/- | 7,840.00 |
| 18 | Indoor Toy Bin – Child Friendly Toy Model | 15 @25,950/- | 30,621.00 |
| | ആകെ | | 14,99,929.00 |

മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവും സാധനങ്ങൾ ARTCO ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 6,06,174/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 ഘടകസ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവുകൾ - ചെലവു വൗച്ചറുകൾ ലഭ്യമാക്കിയില്ല

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ ഘടക സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും ദൈനംദിന ചെലവുകൾക്കായി 11,87,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | മുൻകൂർ നൽകിയ തുക (₹) | വൗച്ചർ നമ്പർ/ തിയ്യതി | നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 2,50,000 | 22100012/27.04.2021 | A Ex. E (₹2,00,000) |
| | | | CDPO Tirur Addnl (₹50,000) |
| 2 | 2,00,000 | 22100043/01.06.2021 | MO CHC Purathur |
| 3 | 3,00,000 | 22100064/07.07.2021 | MO CHC Vettom |

| | | | |
|---|---|---|---|
| 4 | 25,000 | 22100126/25.08.2021 | SCDO |
| 5 | 3,00,000 | 22100127/25.08.2021 | MO CHC Purathur |
| 6 | 1,00,000 | 22100584/24.03.2022 | A Ex. E |
| 7 | 10,000 | 22100583/24.03.2022 | DEO |
| 6 | 2,000 | 22100559/17.03.2022 | DEO |
| ആകെ | 11,87,000 | | |

മേൽ മുൻകൂറുകൾ ക്രമീകരിച്ച കൊണ്ടുള്ള ചെലവു വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/21-22/ 30.01.2023) ലഭ്യമാക്കിയ മറുപടി പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ തുക ചെലവഴിച്ചവെന്ന സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയത്. ചെലവു വൗച്ചറുകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹11,87,000/- തടസ്സം ചെയ്യുന്നു.

## 1-15 ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില(ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അസി. എക്സി. എഞ്ചിനീയറുടെ പേരിൽ തിരൂർ എസ്.ബി.ഐ.യിൽ തുടങ്ങിയ അക്കൗണ്ട് (അക്കൗണ്ട് നമ്പർ-38593000842) ഇ- ടെണ്ടർ സൈറ്റുമായി മാപ്പിംഗ് നടത്തിയത് 19.07.2022 തിയതിയിലാണ്. ടി-തിയതി മുതൽ ഇ- ടെണ്ടർ ചെയ്ത വകയിലുള്ള ടെണ്ടർ ഫീ 40,605/- രൂപ ടി- അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ടി-തിയതിക്ക് മുമ്പ് ബ്ലോക്ക് പഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിൽ 2020 ജനവരി മുതൽ 2022 ജൂലൈ വരെയുള്ള തുക 1,71,877/- രൂപ ബ്ലോക്ക്പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. മേൽ തുകയും അസി. എക്സി. എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ. കറന്റ് അക്കൗണ്ടിൽ വരവ് വന്ന 40,605/- രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-16 വനിതാ ഫിറ്റ്നസ് സെന്റർ ആന്റ് ഷീ ഷെൽട്ടർ നിർമ്മാണം പൂർത്തീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പ്രോജക്ട് പ്രകാരം തൃപ്രങ്ങോട് പഞ്ചായത്തിലെ ഒട്ടുംപുറം എന്ന സ്ഥലത്താണ് മേൽ സെന്ററിനായി കെട്ടിടം പണിയുന്നത്. രണ്ട് നില കെട്ടിടവും ഓരോ നിലയിലും ടോയ്ലറ്റോട് കൂടിയ ഹാൾ, Common Staircabin എന്നിവയാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്.

പ്രോജക്ടിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| |
|---|
| പ്രോജക്ട്- വനിതാ ഫിറ്റ്നസ് സെന്റർ ആന്റ് ഷീ ഷെൽട്ടർ |
| പ്രോജക്ട് നമ്പർ - 92/22 |
| നി.ഉ - അസി. എക്സി. എഞ്ചിനീയർ |
| അടങ്കൽ - 42 ലക്ഷം (പ്ലാൻ-ജനറൽ) |
| നിർവ്വഹണം- വള്ളിയൂർ ലേബർ കോൺട്രാക്ട് കോ.ഓ.സൊസൈറ്റി<br>എഗ്രിമെന്റ് നം. 5/14.12.2021 |

എന്നാൽ നാളിതു വരെയായി 21,98,550/- രൂപ ( 2021-22ൽ ₹3,27,645/-, 2022-23ൽ ₹18,70,905/-) ചെലവഴിച്ച് കെട്ടിടത്തിന്റെ സ്ട്രക്ചർ വർക്ക് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. വനിതകൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ

താമസ സൗകര്യം ഒരുക്കുന്നതിനും അതു വഴി ബ്ലോക്ക് പഞ്ചായത്തിന് വരുമാന വർദ്ധനവിന് പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ട മേൽ സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും വനിതകൾക്കായി ഷീഷെൽട്ടർ പ്രവർത്തനസജ്ജമാക്കുന്നതിനും ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ-24/31.1.2023) മറുപടിയിൽ കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകൾ നടക്കുകയാണെന്നും പെയിന്റിംഗ് കൂടി പൂർത്തീകരിച്ച് കെട്ടിടം സെക്രട്ടറിക്ക് കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വനിതാ ഫിറ്റ്നസ് സെന്റർ വനിതകൾക്കായി തുറന്ന് കൊടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഡയാലിസിസ് സെന്റർ യാഥാർത്ഥ്യമായില്ല

വിഷയം - ഡയാലിസിസ് യൂണിറ്റ് യാഥാർത്ഥ്യമാകാത്തത് സംബന്ധിച്ച്.

വെട്ടം CHC യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി തിരൂർ ബ്ലോക്ക് പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി 2019-20 വർഷത്തിൽ പ്രൊജക്ട് തയ്യാറാക്കി ഏകദേശം 65 ലക്ഷം രൂപ ചെലവിൽ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും (മുറ്റം, ഗേറ്റ് എന്നിവയടക്കം) ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം കെട്ടിട നിർമ്മാണത്തിന് 8,59,381/- രൂപയും ഇലക്ട്രിഫിക്കേഷന് വേണ്ടി 3,85,684/- രൂപയുമടക്കം 12,45,065/- രൂപ ചെലവഴിച്ചിട്ടുണ്ട്. 8 കിടക്ക സൗകര്യങ്ങളോട് കൂടിയ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനായി $223.43m^2$ വിസ്തീർണ്ണമുള്ള കെട്ടിടമാണ് വെട്ടം CHC കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഡയാലിസിസ് സെന്റർ ഇപ്പോഴും പ്രവർത്തനം ആരംഭിച്ചിട്ടില്ല. മലിന ജലം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ്, ജല ലഭ്യത എന്നിവയും ഡയാലിസിസ് മെഷീനടക്കമുള്ള സൗകര്യങ്ങളും ഇനിയും ഒരുക്കാനുണ്ട്. സ്വീവേജ് പ്ലാന്റ്, ജല ലഭ്യത എന്നിവക്കായി 2019-20 ൽ 20,23,680/- രൂപ അടങ്കലിൽ പ്രൊജക്ട് തയ്യാറാക്കി എങ്കിലും ആ വർഷം പ്രവൃത്തി നടപ്പിലാക്കുകയുണ്ടായില്ല. കെട്ടിടവും അനുബന്ധ സൗകര്യങ്ങളും പ്രയോജനമില്ലാതെ മുടങ്ങിക്കിടക്കുന്ന അവസ്ഥയിലാണ്.

ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23/31.1.2023 നുള്ള മറുപടിയിൽ 2022-23 വർഷത്തിൽ 41/23 പ്രോജക്ട് നമ്പരായി 29 ലക്ഷം രൂപ അടങ്കലായി ഡയാലിസിസ് സെന്റർ ട്രീറ്റ്മെന്റ് പ്ലാന്റ് എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്.
തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതും ഡയാലിസിസ് സെന്റർ യാഥാർത്ഥ്യമാക്കുന്നതിന് ക്രിയാത്മക ഇടപെടലുകൾ ഭരണസമിതി നടത്തേണ്ടതുമാണ്.

## 1-18 തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. അധികം വന്ന ചെലവു തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ,

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (₹) |
|---|---|---|---|---|
| 1. ഇല്ലിക്കൽ തോട് സൈഡ് കെട്ടൽ (15/22)<br>സാങ്കേതികാനുമതി- ₹5,00,000/-<br>സാങ്കേതികാനുമതി നമ്പർ- 16073/ 2021-22<br>കരാറുകാരൻ ശ്രീ. ഇബ്രാഹീം കുട്ടി.എം. (എസ്റ്റിമേറ്റ് നിരക്ക്) | OD ഡ്രൈറബ്ൾ മേസനറി<br>85.517 $M^3$ | 2,24,095/-<br>@2620.47/$m^3$ | 2,15,112/-<br>@2515.43/$m^3$<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് | 8,983 |

| | | | | |
|---|---|---|---|---|
| വൗച്ചർ നം.<br>XVFC/2021-22<br>/P/6/30.3.2022 ,<br>3,30,063/- രൂപ<br>(സി.എഫ്.സി)<br>ചെലവ് തുക :<br>₹3,30,063/-<br>അളവ് പുസ്തകം 46/2122<br>കരാർ. 12/12.10.2021<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| ആകെ | | | | 8,983 |
| 12% GST തുക അടക്കം | | | | 10,061 |

| | | | | |
|---|---|---|---|---|
| 2. അനന്താവൂർ നടപ്പാടം തോട് സൈഡ് കെട്ടി സംരക്ഷിക്കൽ , (68/22)<br>വൗച്ചർ നം.<br>22100368/29.10.2021 തുക<br>3,08,176/- രൂപ<br>22100668/29.3.2022,<br>തുക : 80,587/- രൂപ<br>അളവ് പുസ്തകം 57/20-21, 48/21-22<br>കരാറുകാരൻ ശ്രീ. ടി.കെ.ഹുസൈൻ (എസ്റ്റിമേറ്റ് നിരക്കിൽ)<br>സാങ്കേതികാനുമതി : 5 ലക്ഷം രൂപ<br>ടി.എസ്. നം. : 3902/20-21<br>കരാർ. 10/5.8.2020<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഡ്രൈറബ്ൾ മേസനറി<br>100.352 $M^3$ | 2,62,969/-<br>@2620.47/$m^3$ | 2,52,428/-<br>@ 2515.43/$m^3$<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് | 10,541 |
| ആകെ | | | | 10,541 |
| 12% GST തുക അടക്കം | | | | 11,806 |

| | | | | |
|---|---|---|---|---|
| 3. ഇടിയാട്ടിൽ തോട് സൈഡ് സംരക്ഷണം ( 22/22)<br>ടി.എസ്: 10 ലക്ഷം രൂപ<br>ടി.എസ്. നം. 16083/21-22<br>അളവ് പുസ്തകം 39/21-22<br>കരാറുകാരൻ -ശ്രീ. പി.സൈതാലിക്കുട്ടി (നിരക്ക്- 10.32% കുറവ്)<br>കരാർ. 7/29.9.2021<br>വൗച്ചർ നമ്പർ- XVFC/2021-22<br>/P/1/07.3.2022 , 8,94,388/- | ഡ്രൈറബ്ൾ മേസനറി<br>276.251 $M^3$ | 6,49,190/-<br>@2350/m3<br>10.32 % Below /<br>@2620.47/m3 | 6,23,175/-<br>@2255.83/m3<br>[10.32 % Below Of<br>@<br>2515.43/$m^3$] | 26,015 |

| | | | | |
|---|---|---|---|---|
| രൂപ<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| ആകെ | | | | 26,015 |
| 12% GST തുക അടക്കം | | | | 29,137 |

| | | | | |
|---|---|---|---|---|
| 4. കാട്ടയിൽ കോവളം തോട് ജല സംരക്ഷണം ( 88/22)<br>ടി.എസ്. 10 ലക്ഷം<br>ടി.എസ്.നം. 16967/21-22<br>അളവ് പുസ്തകം 40/21-22<br>കരാറുകാരൻ . ശ്രീ. വി.ഇ.എ. ഷാനാവാസ്<br>കരാർ. 13/13.10.2021<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>വൗച്ചർ നമ്പർ- XVFC/2021-22 /P/2/07.3.2022 , 879197 രൂപ<br>ക്വാട്ട് ചെയ്ത നിരക്ക് 10.01 Below | OD ഡ്രൈറബ്ൾ മേസനറി<br>269.12 $M^3$ | 6,34,585/-<br>@2358/m3<br>10.01%below<br>@2620.47/$m^3$]<br>@2620.47m3 | 6,09,188/-<br>@ 2263.63/m3<br>[10.01%below Of @2515.43/$m^3$]<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2515.43/$m^3$ | 25,397 |
| ആകെ | | | | 25,397 |
| 12% GST തുക അടക്കം | | | | 28,445 |

കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർഹെഡ് ചാർജ് നൽകുക വഴി അധികം നൽകിയ തുക ₹79,448/- (10,061+11,806+29,137+28,445) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 21/30.1.2023 നുള്ള മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 കുളം നവീകരണം -കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കുളത്തിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. അധികം വന്ന തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം- അസി.എക്സി. എഞ്ചിനീയർ,

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| തയ്യിൽകുളം നവീകരണം (93/22)<br>സാങ്കേതികാനുമതി : ₹10,00,000/-<br>സാങ്കേതികാനുമതി നമ്പർ- 31511/ 2021-22<br>കരാറുകാരൻ ശ്രീ. മുകുന്ദൻ.പി<br>വൗച്ചർ നം. XVFC/2021-22 /P/5/30.3.2022 , 8,22,923/- രൂപ (സി.എഫ്.സി)<br>അളവ് പുസ്തകം 6/21-22<br>കരാർ. 4/7.12.2021<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>Quoted Rate 3.64 Below | ഡ്രൈറബ്ൾ മേസനറി 218.612$m^3$ | 5,51,995/- @2525/$m^3$ (3.64% Below Of 2620.47/m3] @2620.47/m3 | 5,29,885/- @2423.86/m3 [3.64% Below Of 2515.43/$m^3$] ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2515.43/$m^3$ | 22,110 |
| ആകെ | | | | 22,110 |
| 12% GST തുക അടക്കം | | | | 24,763 |

കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർഹെഡ് ചാർജ് നൽകുക വഴി അധികം നൽകിയ 24,763- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/30.1.2023 നുള്ള മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 കിഡ്നി രോഗികൾക്ക് ധനസഹായം- പദ്ധതി ലക്ഷ്യം കണ്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
പ്രോജക്റ്റ് നം 131/22 കിഡ്നി രോഗികൾക്ക് ധനസഹായം - ജില്ലാ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം

ചെലവു തുക : 644000/-(വൗച്ചർ നമ്പർ 22100522/21.02.2022) വികസന ഫണ്ട് ജനറൽ

മേൽ പ്രോജക്റ്റ് പ്രകാരം തുക ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.06.2022 ലെ ജി3-4014/2021 നമ്പർ കത്ത് പ്രകാരം , സമയബന്ധിതമായി ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാത്തതിനാലും ഡയാലിസിസ് നടത്തുന്ന സ്ഥാപനങ്ങൾ നിശ്ചിതസമയത്ത് കരാർ വെക്കാത്തതിനാലും തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാതിരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ കത്ത് പ്രകാരമുള്ള ലിസ്റ്റിൽ ക്രമ നമ്പർ 10 ആയി തിരൂർ ബ്ലോക്കിന്റെ ₹78000 രൂപ ചെലവഴിച്ചതായും ചെലവഴിക്കാത്ത ₹566000/- രൂപ ലാപ്സായി പോയതായും കാണിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് ആകെ ലഭിച്ച ₹90,66,465 രൂപയിൽ ₹20,99,000 രൂപ മാത്രം ചെലവഴിക്കുകയും ബാക്കിയുള്ള ₹69,67,465 രൂപ ജില്ലാ ട്രഷറിയിലെ ജില്ലാ പഞ്ചായത്തിന്റെ പേരിലുള്ള JVTSB അക്കൗണ്ടിൽ നിന്ന് സർക്കുലർ നമ്പർ 86/2021 /ഫിൻ തിയ്യതി 30.09.2021 പ്രകാരം സർക്കാരിലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.2.2022 ലെ ജി 3/4014/21 നമ്പർ കത്തിൽ ജില്ലാ പഞ്ചായത്തിന്റെ 1461/22 നമ്പർ പ്രോജക്റ്റിന്റെ 149 ഗുണഭോക്താക്കളുടെ ലസ്റ്റിൽ തിരൂർ ബ്ലോക്കിനു കീഴിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ 2 ഗുണഭോക്താക്കൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ടി ഗുണഭോക്താക്കൾക്കായി ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ട വിഹിതം ₹8000 രൂപയാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ വ്യക്തമായ നിർദ്ദേശം ലഭിക്കുന്നതിനു മുൻപു തന്നെ ₹644000 രൂപ പദ്ധതിക്കായി ബ്ലോക്ക്പഞ്ചായത്ത് ജില്ലാ പഞ്ചായത്തിന് ട്രാൻസ്ഫർ ചെയ്തു നൽകി.

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 14.06.2022 ലെ ജി3-4014/2021 നമ്പർ കത്ത് പ്രകാരം തിരൂർ ബ്ലോക്ക് നൽകിയ വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുക ₹78000 രൂപയാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ചെലവഴിച്ച ₹78000 രൂപ ഏതെല്ലാം ഗുണഭോക്താക്കൾക്കുവേണ്ടിയാണെന്ന് വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 7/21-22/ 27.01.2023) തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ 161

ഗുണഭോക്താക്കൾക്കുള്ള തുകയായാണ് ₹6,44,000 രൂപ നൽകിയതെന്ന് അറിയിച്ചു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പ്രോജക്റ്റിൽ വിവിധ പഞ്ചായത്തുകളിൽ നിന്നായി 149 ഗുണഭോക്താക്കളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളതെന്ന് 28.2.2022 ലെ ജി 3/4014/21 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതു കണക്കിലെടുക്കാതെ വ്യക്തമായ മുന്നൊരുക്കം നടത്താതെ അനുവദിക്കേണ്ടതിലും കൂടുതൽ തുക പദ്ധതി അടങ്കലായി വെക്കുകയും ആയത് ജില്ലാ പഞ്ചായത്തിന് നൽകുകയും ചെയ്തതിലൂടെ പദ്ധതിപ്പണം ലാപ്സാവാൻ ഇടയായി.

ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതത്തിൽ നിന്നും ചെലവഴിച്ചതായി കാണിച്ച ₹78000 ഏതെല്ലാം ഗുണഭോക്താക്കളുടെ ഡയാലിസിസ് ധനസഹായമായാണ് നൽകിയതെന്നതിന്റെ വിശദമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക ₹78000 തടസ്സത്തിൽ വെക്കുന്നു.

## 1-21 ലൈഫ് ഭവന പദ്ധതി - വിനിയോഗ വിവരം ലഭ്യമായില്ല

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം ലൈഫ് ഭവനപദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും വിവിധ പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 8/22 ലൈഫ് പാർപ്പിട പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം (ജനറൽ) | 500000 | 22100311/18.09.2021 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 120000 | 22100409/18.09.2021 | തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് |
| | | 500000 | 22100351/29.11.2021 | വെട്ടം ഗ്രാമ പഞ്ചായത്ത് |
| | | 280000 | 22100412/06.12.2021 | തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് |
| | | 1600000 | 22100424/27.12.2021 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 480000 | 22100621/17.03.2022 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 10000 | 22100629/19.03.2022 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | TOTAL | 3490000 | | |
| 2 | 9/22ലൈഫ് പാർപ്പിട പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം (എസ് സി പി) | 500000 | 22100322/04.10.2021 | പുറത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | 500000 | 22100414/21.12.2021 | തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് |
| | | 500000 | 22100302/08.09.2021 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 1040000 | 22100429/27.12.2021 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 500000 | 22100506/03.02.2022 | തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് |
| | | 160000 | 22100415/21.12.2021 | തിരുനാവായ ഗ്രാമ പഞ്ചായത്ത് |
| | | 369800 | 22100543/04.02.2022 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 100000 | 22100618/15.03.2022 | വെട്ടം ഗ്രാമ പഞ്ചായത്ത് |
| | | 340000 | 22100542/03.02.2022 | തിരുതിരുനാവായ ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | 490000 | 22100622/17.03.2022 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 107655 | 22100666/26.03.2022 | മംഗലം ഗ്രാമ പഞ്ചായത്ത് |
| | | 410000 | 22100582/17.03.2022 | പുറത്തൂർ ഗ്രാമ പഞ്ചായത്ത് |
| | TOTAL | 5017455 | | |

പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/21-22/ 27.01.2023) ആയത് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക ₹85,07,455 രൂപ തടസ്സം ചെയ്യുന്നു

## 1-22 PMAY ഫയലുകൾ ലഭ്യമാക്കിയില്ല

താഴ പറയുന്ന വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച (PMAY ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ) ഗുണഭോക്താക്കളുടെ വിവരം രജിസ്റ്റർ , ഫയൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | വൗച്ചർ നമ്പർ/തിയ്യതി/തുക |
|---|---|---|---|
| 1 | ശ്രീമതി. ഷറഫുദ്ദീന | 112000 | 22100306/16.09.2021/512000 |
| 2 | ശ്രീമതി. ഷറഫുദ്ദീന | 98000 | 22100332/30.10.2021/98000 |
| 3 | ശ്രീമതി. പ്രീതി | 24000 | GP Share Cheque No JM 5843441/17.11.2021 (284000) |
| 4 | ശ്രീമതി. സത്യഭാമ | 112000 | 22100641/23.03.2022/640000 |
| | ആകെ | 3,46,000 | |

മേൽ ഗുണഭോക്കൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു. PMAY ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 11/2021-22/ 29.01.2023)

## 1-23 ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

താഴ പറയുന്ന PMAY ഗുണഭോക്താക്കളുടെ വീട് നിർമ്മാണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | ID | നാളിതു വരെ നൽകിയ തുക | അവസാനം നൽകിയ ഗഡു / നൽകിയ തിയ്യതി | കരാർ വെച്ച പണി ആരംഭിച്ച വർഷം | ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ശാരദ കാട്ടിരുത്തി | KL1107691 | 1,60,000 | 02.03.2022 | 2021 | തറ |
| 2 | ശാരദ ചന്ദ്രൻ അരേരിപറമ്പിൽ | KL1135113 | 48,000 | 07.10.2021 | 2021 | തറ |
| 3 | ഫാത്തിമ്മ ഹംസ കളരിക്കൽ | KL1167475 | 1,18,000 | 21.09.2020 | 2020 | തറ |
| 4 | ബീപാത്തു തെങ്ങിൽ | KL1158442 | 1,18,000 | 17.11.2021 | 2021 | തറ |
| 5 | സുഹറ ഇസ്മായിൽ വലിയവീട്ടിൽ | KL1060707 | 1,66,000 | 26.02.2020 | 2018 | ലിന്റൽ |
| 6 | ജാനകി മാങ്കുഴിയിൽ | KL1056759 | 48,000 | 30.11.2017 | 2017 | തറ |

മേൽ ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 12/21-22/30.01.2023). നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-24 ബ്ലോക്ക് തല - റിസോർസ് റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ :സെക്രട്ടറി, തിരൂർ ബ്ലോക്ക് പഞ്ചായത്ത്
പ്രോജക്ട് നം 106/22 വെട്ടം RRF സജ്ജമാക്കൽ.

ചെലവ് തുക : ₹90000 (88475വൗച്ചർ നമ്പർ 22100607/31.03.2022)+( ₹ 1525 ഇൻകം ടാക്സ് 27.04.2022 ലെ ചെക്ക് നമ്പർ 33626 (₹42888) പ്രകാരമാണ് തുക അടവാക്കിയത്.)
ഫണ്ടിനം : ധനകാര്യ കമ്മീഷൻ അവാർഡ്

മേൽ പ്രോജക്ട് പ്രകാരം തിരുനാവായ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയിലിംഗ് മെഷീൻ , ബ്ലേഡ് ഗ്രൈന്റിംഗ് മെഷീൻ എന്നിവ വെട്ടം ഗ്രാമ പഞ്ചായത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ₹90000 രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്.

2018-19 വർഷത്തിലെ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് വഴിയാണ് മേൽ ഉപകരണങ്ങൾ തിരുനാവായ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത്. ടി പദ്ധതിക്കായി തിരുനാവായ ഗ്രാമപഞ്ചായത്ത് ഇലക്ട്രിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുള്ളതാണെന്ന് ഫയലിൽ നിന്നും വ്യക്തമാവുന്നു. ടി പദ്ധതി പിന്നീട് ജനങ്ങളുടെ എതിർപ്പ് കാരണം പൂർത്തീകരിക്കാനാവാത്തതിനാൽ യന്ത്ര സാമഗ്രികൾ വെട്ടം ഗ്രാമ പഞ്ചായത്തിലേക്ക് മാറ്റുന്നതിന് പ്രോജക്ട് രൂപീകരിക്കുകയും ട്രാൻസ്പോർട്ടേഷൻ ചെലവുകൾക്കായി ക്ലീൻ കേരള കമ്പനി നൽകിയ ₹90000രൂപയുടെ എസ്റ്റിമേറ്റ് ( C33/CKCL/2021 Dtd 04.12.2021) ഭരണ സമിതിയുടെ 05.01.2022 ലെ തീരുമാനം 6/4 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി തുകയാണ് മേൽ പ്രോജക്ട് വഴി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് ₹197000 രൂപയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടെ ആവശ്യമാണെന്ന് ജില്ലാതല ഇലക്ട്രിക്കൽ സാങ്കേതിക സമിതി മെമ്പറുടെ 13.06.2022 ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അനുബന്ധ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

1. 2018-19 ലെ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ.

2. ടി പദ്ധതി തിരുനാവായ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിക്കുന്നത് അംഗീകരിച്ചുകൊണ്ടുള്ള തിരുനാവായ ഗ്രാമ പഞ്ചായത്ത് ഭരണസമിതി തീരുമാനം .

3.വെട്ടം ഗ്രാമ പഞ്ചായത്തിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട മെഷിനറികൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രം /ഭരണ സമിതി തീരുമാനം

4. പദ്ധതിപ്രകാരം വാങ്ങിയ മെഷിനറികളുടെ വാറണ്ടി സംബന്ധിച്ച രേഖകൾ

5. പദ്ധതിയുടെ നിലവിലെ അവസ്ഥ

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06/27.01.23) മറുപടിയായി ലഭ്യമാക്കിയ, പ്രോജക്ട് നം.100/18 ഫയൽ പരിശോധിച്ചതിൽ 2017-18 വർഷം തിരുനാവായ ഗ്രാമ പഞ്ചായത്തിൽ മെഷിനറികൾ വാങ്ങി സ്ഥാപിക്കുന്നതിന് ഇൻസ്റ്റലേഷൻ ചാർജ്ജ്(24600), സൂപ്പർ വിഷൻ ചാർജ്ജ് (41000) എന്നിവയടക്കം₹9,82,943 രൂപയുടെ ഇൻവോയ്സ് (ഇൻവോയ്സ് നമ്പർ 111/2017-18 Dated 06.03.2018) ആണ് ക്ലീൻ കേരള കമ്പനി ലഭ്യാക്കിയിരുന്നത്. ആയതിൽ ₹ 7,90,000 രൂപ വികസ ഫണ്ടിൽ നിന്നും അനുവദിച്ചതായും കാണുന്നു. എന്നാൽ ടി മെഷിനറികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് തിരുനാവായ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ സമ്മതപത്രമോ തീരുമാനമോ ഫയലിൽ കാണുന്നില്ല. മാത്രവുമല്ല ക്ലീൻ കേരള കമ്പനിയുമായി ചമച്ച കരാർ പ്രകാരം മെഷിനറികൾക്ക് ഒരു വർഷത്തെ വാറണ്ടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ നാളിതുവരെയും പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. യാതൊരു മുന്നൊരുക്കവുമില്ലാതെ മെഷിനറികൾ സ്ഥാപിക്കുക വഴി ബ്ലോക്ക് പഞ്ചായത്തിന് ചെലവായ ഭീമമായ തുക നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ട മറ്റ് രേഖകൾ ഹാജരാക്കാത്തതിനാൽ നിലവിൽ വെട്ടം ഗ്രാമ പഞ്ചായത്തിലേക്ക് ടി മെഷിനറികൾ മാറ്റിയത് ടി ഗ്രാമ പഞ്ചായത്തിന്റെ അനുമതിയോടു കൂടെയാണോ എന്നത് വ്യക്തമല്ല.
പദ്ധതി നിർവ്വഹണത്തിലെ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വൻതുക ചെലവഴിച്ച് നടത്തിയ മേൽ പ്രൊജക്ട് നിഷ്ക്രിയ ആസ്തിയായി തുടരുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 വെട്ടം സി.എച്ച്.സി.ഡയാലിസിസ് സെന്റർ കെട്ടിട നിർമ്മാണം (ഇലക്ട്രിഫിക്കേഷൻ) കരാറുകാരന് അധിക തുക നൽകി

അസി. എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്ന ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതെ ബിൽ തുക നൽകിയതിനാൽ കരാറുകാരന് ചുവടെ ചേർത്തിട്ടുള്ള വിധം അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | കരാറുകാരന് നൽകിയ തുക (₹) | അർഹമായ തുക(₹) | അധികം (₹) |
|---|---|---|---|
| വെട്ടം സി.എച്ച്.സി.<br>ഡയാലിസിസ് സെന്റർ കെട്ടിട നിർമ്മാണം (ഇലക്ട്രിഫിക്കേഷൻ)<br>പ്രോജക്ട് നമ്പർ-118/22<br>അടങ്കൽ : ₹3,85,685/- (സി.എഫ്.സി.)<br>കരാറുകാരൻ- ശ്രീ. കെ.പി. ഷാജിൽ,<br>ക്വാട്ട് ചെയ്ത നിരക്ക്- 3 % Below<br>എഗ്രിമെന്റ്-16/16.3.2020<br>എം.ബുക്ക്- 61/19-20<br>ബിൽ നമ്പർ- 1/24.11.2021,<br>3,85,685/- രൂപ | ആകെ പ്രവൃത്തി മൂല്യം : 3,32,481/-<br>(+ ) 12% GST – 39,898/-<br>3,72,379/-<br>(+)Centage Charge 4%<br>13,306/-<br>ആകെ ചെലവ് : 3,85,685/- | ആകെ പ്രവൃത്തി മൂല്യം- 332481<br>(- ) 3 % – 9974<br>322507<br>(+ ) 12% GST- 38701<br>361208<br>(+)Centage Charge 4%<br>13,306/-<br>ആകെ ചെലവ്- 3,74,514/- | 11,171 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 18/30.1.2023 നുള്ള മറുപടിയിൽ 11,171/- രൂപ തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക ഉത്തരവാദിയായ അസി.എക്സി. എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 1-26 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച സംയുക്ത പദ്ധതികൾക്കായി വിവിധ പഞ്ചായത്തുകൾക്ക് ₹ 7,00,000 രൂപ നൽകിയിട്ടുണ്ട് . എന്നാൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം/ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യാക്കിയില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/21-22/27.01.2023) ന് ആയത് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. പ്രവൃത്തി പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

### 1-26-1 അംഗൻവാടി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | ഫണ്ടിനം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 130/22 – തലക്കാട് ഗ്രാമപഞ്ചായത്തിലെ 62ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം (ചെലവുകൾ MGNREGS Convergence) | 5,00,000 | 22100628/ 19.03.2022 | വികസന ഫണ്ട് - പൊതുവിഭാഗം | തലക്കാട് ഗ്രാമ പഞ്ചായത്ത് |

### 1-26-2 അഗതി രഹിത കേരളം- വിനിയോഗ വിവരം ലഭ്യമായില്ല

| പ്രോജക്ട് | ചെലവ് തുക (₹) | വൗച്ചർ നമ്പർ / തിയ്യതി | ഫണ്ടിനം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 04/22 – അഗതി രഹിത കേരളം | 1,00,000 | 22100541/25.02.2022 | വികസന ഫണ്ട് - പൊതു വിഭാഗം | പുറത്തൂർ ഗ്രാമ പഞ്ചായത്ത് |

## 1-26-3 പാലിയേറ്റീവ് പരിരക്ഷ പഞ്ചായത്തുകൾക്ക് വിഹിതം

| പ്രോജക്ട് | ചെലവ് തുക (₹) | വൗച്ചർ നമ്പർ / തിയ്യതി | ഫണ്ടിനം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 59/22 – പാലിയേറ്റീവ് പരിരക്ഷ പഞ്ചായത്തുകൾക്ക് വിഹിതം | 1,00,000 | 22100323/ 05.10.2021 | വികസന ഫണ്ട് - പൊതു വിഭാഗം | പുറത്തൂർ ഗ്രാമ പഞ്ചായത്ത് |

## 1-27 വെട്ടം സി എച്ച് സി യുടെ ഇലക്ട്രിഫിക്കേഷൻ ചെലവ് - അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി താഴെ പറയുന്ന വൗച്ചർ പ്രകാരം ചെലവഴിച്ച തുകകളുടെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9 /21-22/30.01.2023) ആയത് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. പ്രവർത്തി പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

| ക്രമ നമ്പർ | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | റിമാർക്സ് | ലഭ്യമാക്കേണ്ട അനുബന്ധ രേഖകൾ |
|---|---|---|---|---|
| 1 | 37160 | 22100030/11.05.2021 | സി എച്ച് സി വെട്ടത്തിന്റെ ഇലക്ട്രിഫിക്കേഷൻ ചെലവ്, കെ എസ് ഇ ബിയിൽ അടവാക്കുന്നതിന് പിൻവലിച്ച തുക | കെ എസ് ഇ ബി യുടെ രശീതി, പ്രവത്തി പൂർത്തീകരണ സാക്ഷ്യപത്രം |

## 1-28 വാഹന പരിപാലനം - നടപടിക്രമങ്ങൾ പാലിച്ചില്ല, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

വാഹനങ്ങളുടെ പരിപാലനം - സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിലെ KL 55 K 6998 വാഹനത്തിന്റെ അറ്റകുറ്റപ്പണിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22100001/20.04.2021 | 18300 | റിപ്പയർ വർക്കുകൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചില്ല. |
| 2 | 22100197/12.11.2021 | 9180 | സർക്കാർ അംഗീകാരമുള്ള വർക്ക് ഷോപ്പ് വഴിയല്ല റിപ്പയർ വർക്ക് ചെയ്തിട്ടുള്ളത്. |

ജി ഒ (എം എസ്) 170/07 ത സ്വ ഭ വ 30.06.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ പരിപാലനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതു പ്രകാരം 2000/- രൂപയിൽ അധികരിക്കാത്ത മൈനർ സ്വഭാവത്തിലുള്ള റിപ്പയറോ അറ്റകുറ്റപ്പണിയോ പൊതു ക്വട്ടേഷൻ ഇല്ലാതെ തന്നെ പ്രസിഡന്റിന്റെ അനുമതിയോട് കൂടി ചെയ്യാവുന്നതാണ്. 2000/- രൂപക്ക് മുകളിലും പതിനായിരം രൂപ വരെയും ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ സർക്കാരിന്റെ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന ഭരണ സമിതി അംഗീകാരത്തിന് വിധേയമായി ചെയ്യാവുന്നതാണ്. സർക്കാരിന്റെ അംഗീകാരമില്ലാത്ത വർക്ക് ഷോപ്പിലാണെങ്കിൽ ക്വട്ടേഷൻ മുഖേന ചെയ്യേണ്ടതാണ്. 10000 രൂപക്ക് മുകളിലുള്ള റിപ്പയർ വർക്ക് മത്സര സ്വഭാവമുള്ള ക്വട്ടേഷൻ വഴി ഭരണസമിതി അംഗീകാരത്തോടെ ചെയ്യേണ്ടതാണ്. വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ

പാലിക്കാതെയാണ് മേൽ റിപ്പയർ വർക്കുകൾ ചെയ്തിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ക്ഷമത സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ലഭ്യമാക്കി ലോഗ് ബുക്കിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം നടപടി ക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/21-22/30.01.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ഫ്യുവൽ ടെസ്റ്റ് നടത്തുന്നതാണെന്നും നടപടികൾ പാലിക്കാതെ റിപ്പയർ പ്രവർത്തികൾ ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതും റിപ്പയർ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിച്ചു മാത്രം നടത്താൻ ശ്രദ്ധതിക്കേണ്ടതുമാണ്.

### 1-29 ഭിന്നശേഷി സ്കോളർഷിപ്പ് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച 05/22 ഭിന്നശേഷി സ്കോളർഷിപ്പ് വിഹിതം നൽകൽ പദ്ധതി പ്രകാരം വിവിധ പഞ്ചായത്തുകൾക്ക് വികസനഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവ് തുക | വൗച്ചർ നമ്പർ / തിയ്യതി | തുക നൽകിയ പഞ്ചായത്ത് |
|---|---|---|---|
| 1 | 468500 | 22100343/16.11.2021 | തിരുനാവായ ഗ്രാമ പഞ്ചായത്ത് |
| 2 | 300000 | 22100410/30.11.2021 | മംഗലം ഗ്രാമ പഞ്ചായത്ത് |
| 3 | 200000 | 22100411/30.11.2021 | തലക്കാട് ഗ്രാമ പഞ്ചായത്ത് |
| 4 | 300000 | 22100431/28.12.2021 | വെട്ടം ഗ്രാമ പഞ്ചായത്ത് |
| 5 | 231500 | 22100544/05.02.2022 | തിരുനാവായ ഗ്രാമ പഞ്ചായത്ത് |
| 7 | 279500 | 22100436/03.01.2022 | പുറത്തൂർ ഗ്രാമ പഞ്ചായത്ത് |
| 8 | 63500 | 22100507/04.02.2022 | തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് |
| 9 | 15000 | 22100630/19.03.2022 | പുറത്തൂർ ഗ്രാമ പഞ്ചായത്ത് |
| | 1858000 | | |

പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 4/21-22/ 27.01.2023) ആയത് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹18,58,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വെട്ടം സി.എച്ച്.സി.ഡയാലിസിസ് സെന്റർ കെട്ടിട നിർമ്മാണം (ഇലക്ട്രിഫിക്കേഷൻ) കരാറുകാരന് അധിക തുക നൽകി

അസി. എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്ന ടെണ്ടർ വേരിയേഷൻ കുറവ് ചെയ്യാതെ ബിൽ തുക നൽകിയതിനാൽ കരാറുകാരന് ചുവടെ ചേർത്തിട്ടുള്ള വിധം അധിക തുക നൽകാനിടയായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | കരാറുകാരന് നൽകിയ തുക (₹) | അർഹമായ തുക(₹) | അധികം (₹) |
|---|---|---|---|

| | | | |
|---|---|---|---|
| വെട്ടം സി.എച്ച്.സി.<br>ഡയാലിസിസ് സെന്റർ കെട്ടിട നിർമ്മാണം (ഇലക്ട്രിഫിക്കേഷൻ)<br>പ്രോജക്ട് നമ്പർ-118/22<br>അടങ്കൽ : ₹3,85,685/- (സി.എഫ്.സി.)<br>കരാറുകാരൻ- ശ്രീ. കെ.പി. ഷാജിൽ,<br>ക്വാട്ട് ചെയ്ത നിരക്ക്- 3 % Below<br>എഗ്രിമെന്റ്-16/16.3.2020<br>എം.ബുക്ക്- 61/19-20<br>ബിൽ നമ്പർ- 1/24.11.2021,<br>3,85,685/- രൂപ | ആകെ പ്രവൃത്തി മൂല്യം : 3,32,481/-<br>(+ ) 12% GST – 39,898/-<br>3,72,379/-<br>(+)Centage Charge 4%<br>13,306/-<br>ആകെ ചെലവ് : 3,85,685/- | ആകെ പ്രവൃത്തി മൂല്യം- 332481<br>(- ) 3 % – 9974<br>322507<br>(+ ) 12% GST- 38701<br>361208<br>(+)Centage Charge 4%<br>13,306/-<br>ആകെ ചെലവ്- 3,74,514/- | 11,171 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 18/30.1.2023 നുള്ള മറുപടിയിൽ 11,171/- രൂപ തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക തിരിച്ചടവാക്കുന്നത് വരെ ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-2 തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. അധികം വന്ന ചെലവ് തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ,

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (₹) |
|---|---|---|---|---|
| 1. ഇല്ലിക്കൽ തോട് സൈഡ് കെട്ടൽ (15/22)<br>സാങ്കേതികാനുമതി- ₹5,00,000/-<br>സാങ്കേതികാനുമതി നമ്പർ- 16073/ 2021-22<br>കരാറുകാരൻ ശ്രീ. ഇബ്രാഹീം കുട്ടി.എം. (എസ്റ്റിമേറ്റ് നിരക്കിൽ)<br>വൗച്ചർ നം. XVFC/2021-22 /P/6/30.3.2022 , 3,30,063/- രൂപ (സി.എഫ്.സി)<br>ചെലവ് തുക : ₹3,30,063/- | OD ഡ്രൈറബ്ൾ മേസനറി<br>85.517 $M^3$ | 2,24,095/-<br>@2620.47/$m^3$ | 2,15,112/-<br>@2515.43/$m^3$ ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് | 8,983 |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 46/2122<br>കരാർ. 12/12.10.2021<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| ആകെ | | | | 8,983 |
| 12% GST തുക അടക്കം | | | | 10,061 |

| | | | | |
|---|---|---|---|---|
| 2. അനന്താവൂർ നടപ്പാടം തോട് സൈഡ് കെട്ടി സംരക്ഷിക്കൽ , (68/22)<br>വൗച്ചർ നം. 22100368/29.10.2021 തുക 3,08,176/- രൂപ<br>22100668/29.3.2022,<br>തുക : 80,587/- രൂപ<br>അളവ് പുസ്തകം 57/20-21, 48/21-22<br>കരാറുകാരൻ ശ്രീ. ടി.കെ.ഹുസൈൻ (എസ്റ്റിമേറ്റ് നിരക്ക്)<br>സാങ്കേതികാനുമതി : 5 ലക്ഷം രൂപ<br>ടി.എസ്. നം. : 3902/20-21<br>കരാർ. 10/5.8.2020<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഡ്രൈറബ്ൾ മേസനറി<br>100.352 $M^3$ | 2,62,969/-<br>@2620.47/$m^3$ | 2,52,428/-<br>@ 2515.43/$m^3$<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2515.43/$m^3$ | 10,541 |
| ആകെ | | | | 10,541 |
| 12% GST തുക അടക്കം | | | | 11,806 |

| | | | | |
|---|---|---|---|---|
| 3. ഇടിയാട്ടിൽ തോട് സൈഡ് സംരക്ഷണം ( 22/22)<br>ടി.എസ്: 10 ലക്ഷം രൂപ<br>ടി.എസ്. നം. 16083/21-22<br>അളവ് പുസ്തകം 39/21-22<br>കരാറുകാരൻ -ശ്രീ. പി.സൈതാലിക്കുട്ടി<br>കരാർ. 7/29.9.2021<br>വൗച്ചർ നമ്പർ- XVFC/2021-22 /P/1/07.3.2022 , 8,94,388/- രൂപ<br>കോസ്റ്റ് ഇൻഡക്സ് 31.06% ക്വാട്ട് ചെയ്ത നിരക്ക് 10.32 Below | ഡ്രൈറബ്ൾ മേസനറി<br>276.251 $M^3$ | 6,49,190/-<br>@2350/m3<br>10.32% Below Of<br>@2620.47/m3 | 6,23,175/-<br>@2255.83/m3<br>@<br>2515.43/$m^3$ | 26,015<br>[10.32% Below Of 2515.43/$m^3$] |
| ആകെ | | 5,21,096 | 5,15,998 | 26,015 |
| 12% GST തുക അടക്കം | | | | 29,137 |

| | | | | |
|---|---|---|---|---|
| 4. കാട്ടയിൽ കോവളം തോട് ജല സംരക്ഷണം ( 88/22)<br>ടി.എസ്. 10 ലക്ഷം<br>ടി.എസ്.നം. 16967/21-22<br>അളവ് പുസ്തകം 40/21-22<br>കരാറുകാരൻ . ശ്രീ. വി.ഇ.എ. ഷാനാവാസ്<br>കരാർ. 13/13.10.2021<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>വൗച്ചർ നമ്പർ- XVFC/2021-22 /P/2/07.3.2022 , 879197 രൂപ<br>ക്വാട്ട് ചെയ്ത നിരക്ക് 10.01% Below | OD ഡ്രൈറബ്ൾ മേസനറി<br>269.12 $M^3$ | 6,34,585/-<br>@2358/m3<br>10.01%below @2620.47 /$M^3$ | 6,09,188/-<br>@ 2263.63/m3<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2515.43/$m^3$ | 25,397<br>[10.01%below Of @2515.43 /$M^3$] |
| ആകെ | | | | 25,397 |
| 12% GST തുക അടക്കം | | | | 28,445 |

കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർഹെഡ് ചാർജ് നൽകുക വഴി അധികം നൽകിയ തുക ₹79,449/- (10,061+11,806+29,137+28,444) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 21/30.1.2023 നുള്ള മറുപടിയിൽ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 കുളം നവീകരണം - കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കുളത്തിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. അധികം വന്ന തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം- അസി.എക്സി. എഞ്ചിനീയർ,

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം (₹) |
|---|---|---|---|---|
| തയ്യിൽകുളം നവീകരണം (93/22)<br>സാങ്കേതികാനുമതി : ₹10,00,000/- | ഡ്രൈറബ്ൾ മേസനറി<br>218.612$m^3$ | 5,51,995/-<br>@2525/$m^3$<br>(3.64% Below)/ 2620.47/m3 | 5,29,885/-<br>@2423.86/m3<br>ഒബ്സർവ്ഡ് ഡാറ്റ കോഡ് | 22,110<br>(3.64% Below Of 2515.43/m3] |

| | | | | |
|---|---|---|---|---|
| സാങ്കേതികാനുമതി നമ്പർ- 31511/ 2021-22<br>കരാറുകാരൻ ശ്രീ. മുകുന്ദൻ.പി<br>ക്വാട്ട് ചെയ്ത നിരക്ക് 3.64% Below )<br>വൗച്ചർ നം. XVFC/2021-22 /P/5/30.3.2022 , 8,22,923/- രൂപ (സി.എഫ്.സി)<br>അളവ് പുസ്തകം 6/21-22<br>കരാർ. 4/7.12.2021<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | 60.7.1 പ്രകാരം നൽകാവുന്ന നിരക്ക് 2515.43/$m^3$ | |
| | 11.8 TMT Bar<br>755.128 KG | 56,015<br>74180/TONNE | 56,015<br>74180/TONNE | 0 |
| ആകെ | | | | 22,110 |
| 12% GST തുക അടക്കം | | | | 24,763 |

കരിങ്കൽ കെട്ടിന് അധിക നിരക്കിൽ ഓവർഹെഡ് ചാർജ് നൽകുക വഴി അധികം നൽകിയ 24,763/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/30.1.2023 നുള്ള മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

72,175/- രൂപ ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | 2020-2022 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ നമ്പറും തിയ്യതിയും |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രൊജക്ട് നമ്പറും പേരും | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 14,42,000 | 10/22 - പി.എം.എ.വൈ ഭവന പദ്ധതി - ജനറൽ | 14,42,000 | 0 |

| | | | | |
|---|---|---|---|---|
| | 98,000 | 11/22 - പി.എം.എ.വൈ ഭവന പദ്ധതി - പട്ടികജാതി | 98,000 | 0 |
| തലക്കാട്, മംഗലം, വെട്ടം, പുറത്തൂർ ഗ്രാമപഞ്ചായത്തുകൾ | 21,08,000 | 10/22 - പി.എം.എ.വൈ ഭവന പദ്ധതി - ജനറൽ | 21,08,000 | 0 |
| മംഗലം, വെട്ടം, ഗ്രാമപഞ്ചായത്തുകൾ | 2,80,000 | 11/22 - പി.എം.എ.വൈ ഭവന പദ്ധതി - പട്ടികജാതി | 2,80,000 | 0 |
| തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് | 5,00,000 | 95/22 - ഡയാലിസിസ് സെന്റർ കെട്ടിടനിർമ്മാണം - തുക നൽകൽ | 5,00,000 | 0 |
| തിരുനാവായ ഗ്രാമപഞ്ചായത്ത് | 3,59,381 | | 3,59,381 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ തീയ്യതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| 1 | തലക്കാട് ഗ്രാമപഞ്ചായത്ത് | 130/22 - തലക്കാട് ഗ്രാമപഞ്ചായത്തിലെ 62ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം (ചെലവുകൾ MGNREGS Convergence) | 22100628/ 19.03.2022 | 5,00,000 | UC ലഭ്യമാക്കിയിട്ടില്ല | 5,00,000 |
| | | ആകെ | | 5,00,000 | - | 5,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97, 1997-98 | 33 | 1999-00 | | യൂണിഫോം തുണി നൽകൽ അപാകതകൾ 152122/- രൂപ | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2005-06 Exp. | 2-6 | 2008-09 | | ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്-ഉപയോഗ ശൂന്യം | പരാമർശം നിലനിൽക്കുന്നു. |
| 2005-06 Exp. | 2-7 | 2008-09 | | എസ്.എച്ച്. ജില്ലകൾക്ക് ധനസഹായം നൽകിയത്-ദുരുപയോഗം | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | | തുക (₹) |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,68,28,465 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,79,97,505 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,15,383 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,33,19,789 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11,171 | ശ്രീമതി. ജുമൈലത്ത്. വി. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2(1) | 5,031 | ശ്രീമതി. ജുമൈലത്ത്. വി. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | |
|---|---|---|
| | 5,030 | ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2(2) | 5,903 | ശ്രീമതി. ജുമൈലത്ത്. വി. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 5,903 | ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2(3) | 14,568 | ശ്രീമതി. ജുമൈലത്ത്. വി. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 14,569 | ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2(4) | 14,222 | ശ്രീമതി. ജുമൈലത്ത്. വി. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 14,223 | ശ്രീമതി. സിനു. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 24,763 | ശ്രീമതി. ജുമൈലത്ത്. വി. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 1,15,383 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 6,06,174 | ശ്രീമതി. റീന. പി. റ്റി, ശിശു വികസന പദ്ധതി ഓഫീസർ |
| 1-14 ഭാഗികം | 2,50,000 | ശ്രീ. പ്രജുകുമാർ. കെ. ടി, സെക്രട്ടറി |
| 1-14 ഭാഗികം | 2,00,000 | ശ്രീ. ഗോവിന്ദൻ. സി. പി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-14 ഭാഗികം | 3,00,000 | ശ്രീ. എം. ഹരിദാസ്, സെക്രട്ടറി |
| 1-14 ഭാഗികം | 4,37,000 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| 1-20 | 78,000 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| 1-21 | 85,07,455 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| 1-22 | 3,46,000 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| 1-26-1 | 5,00,000 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| 1-26-2 | 1,00,000 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| 1-26-3 | 1,00,000 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| 1-27 | 37,160 | ശ്രീ. ഗോവിന്ദൻ. സി. പി. സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-29 | 18,58,000 | ശ്രീ. സുരേഷ് കുമാർ. പി. സി, സെക്രട്ടറി |
| ആകെ | 1,33,19,789 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജുമൈലത്ത്. വി. വി<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | LID & EW സബ്ഡിവിഷൻ, താനൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം | കളത്തിൽ ഹൗസ്, പകരനെല്ലൂർ, പാഴൂർ പി.ഒ, കുറ്റിപ്പുറം, തിരുന്നാവായ മലപ്പുറം - 679571 |

| | | |
|---|---|---|
| ശ്രീമതി. സിന്ധ. എൻ, അസിസ്റ്റന്റ് എഞ്ചിനീയർ | LID & EW സെക്ഷൻ, പുറത്തൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം | നെച്ചാട്ട് ഹൗസ്, എടരിക്കോട് പി.ഒ, മലപ്പുറം - 676501 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97, 1997-98 | എൽ.എഫ്.എം. 4/3373(1)/14 തിയ്യതി 29-07-2015 | 18 |
| 1999-00 | കെ.എസ്.എ.എം.പി.എം.4/3373(2)/2016, 09.09.2016 | 1 |
| 2000-01 | കെ.എസ്.എ.എം.പി.എം.4/1444/2016, 09.09.2016 | 1 |
| 2001-02 | കെ.എസ്.എ.എം.പി.എം.4/3373(4)/2016, 09.09.2016 | 8 |
| 2003-04 (ചെലവ്) | എൽ.എഫ്.എം. 4/3373(6)/14 തിയ്യതി 20-07-2015 | 7 |
| 2004-05 (ചെലവ്) | എൽ.എഫ്.എം. 4/3373(7)/14 തിയ്യതി 20-07-2015 | 15 |
| 2005-06 | കെ.എസ്.എ.എം.പി.എം.4/3373(8)/16 തിയ്യതി 09-09-2016 | 6 |
| 2006-07 | കെ.എസ്.എ.എം.പി.എം.4/3373(9)/16 തിയ്യതി 09-09-2016 | 3 |
| 2007-08 | കെ.എസ്.എ.എം.പി.എം.4/2272/19 തിയ്യതി 02-11-2019 | 15 |
| 2008-09 | എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015 | 7 |
| 2009-10 | എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015 | 6 |
| 2010-11 | എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015 | 9 |
| 2011-12, 2012-13 | എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015 | 10 |
| 2013-14 | കെ.എസ്.എ.എം.പി.എം.4/1787/16 തിയ്യതി 05-03-2017 | 9 |
| 2014-15 | കെ.എസ്.എ.എം.പി.എം.4/1445/16 തിയ്യതി:17-03-2017 | 10 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.4/687/17 തിയ്യതി 24.03.17 | 25 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/1338/2018 തിയ്യതി 28.05.2019 | 12 |
| 2017-18 | കെ.എസ്.എ.എം.പി.എം(4)/556/19 10.04.2019 | 21 |
| 2018-19 | കെ.എസ്.എ.എം.പി.എം(4)/1274/20 5.11.2020 | 14 |
| 2019-20 | കെ.എസ്.എ.എം.പി.എം4/1327/22 തിയ്യതി 22.09.22 | 10 |
| 2020-21 | കെ.എസ്.എ.എം.പി.എം4/1328/22 തിയ്യതി 11.10.22 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്